## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.418 — 29.11.2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. അനിൽ അക്കര

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സർക്കാർ എടുത്ത വായ്പ**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കടപത്രങ്ങൾ വഴിയും മറ്റും എന്തു തുക വായ്പയെടുത്തിട്ടുണ്ട്; | 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 29,083.55 കോടി രൂപ, 24,429.28 കോടി രൂപ വായ്പയായി സർക്കാർ സമാഹരിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2018 സെപ്റ്റംബർ 30 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 10,455.44 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട്, മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8,509.76 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതേവരെ വായ്പ എടുത്ത തുക കടബാധ്യതകൾ തീർക്കുന്നതിനു വേണ്ടി ചെലവഴിക്കുകയുണ്ടായോ; എങ്കിൽ മറ്റാവശ്യങ്ങൾക്കായി എത്ര തുക ചെലവഴിക്കുകയുണ്ടായി; | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെടുന്നു് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനു ശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകൂ. |
| (സി) | ഈ സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചിട്ടുണ്ടായിരുന്നുവോ; | ധവളപത്രം ഇത്തരം സാഹചര്യങ്ങളുടെ വിലയിരുത്തലാണ്. |
| (ഡി) | എങ്കിൽ ധവളപത്രത്തിലൂടെ മുൻ സർക്കാരിനെതിരെ നടത്തിയ വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ